# CENTRAL BOARD OF SECONDARY EDUCATION MARCH - 2021

**SAMPLE QUESTION PAPER FOR AISSE 2021**

**(മാതൃകാചോദ്യപേപ്പർ– 2020– 21)**

**STD :XII** **MALAYALAM (മലയാളം) Code : 112**

**Time allowed : 3Hrs.** **Maximum Mark : 80**

**അനുവദിച്ചസമയം: 3മണിക്കൂർ** ആകെമാർക്ക് : **80**

The question paper is divided into two sections:

| | | |
|---|---|---|
| Section A | Objective (MCQ) | 40 marks |
| Section B | Descriptive | 40 marks |

## എവിഭാഗം / SECTION A

1. തന്നിരിക്കുന്ന ഗദ്യഭാഗംവായിച്ച്എതെങ്കിലും ആറ് ചോദ്യങ്ങൾക്കുള്ള ഉത്തരം ബ്രായ്ക്കറ്റിൽനിന്നു കണ്ടെത്തുക. (ഓരോന്നിനും 1 മാർക്കു വീതം) (**6**x1=**6**)

ഇപ്പോൾ വിവിധതലത്തിൽ നടക്കുന്ന ബോധവൽക്കരണത്തിന്റെ ഫലമായി ചെറുപ്പക്കാരിൽ പുകവലി കുറഞ്ഞുകൊണ്ടിരിക്കുന്നു. പക്ഷേ മദ്യപാനികളുടെയും പാൻമസാല, മയക്കുമരുന്നുകൾ തുടങ്ങിയവ ഉപയോഗിക്കുന്നവരുടെയും എണ്ണം ഗണ്യമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആത്മഹത്യയിൽ കേരളം ഒന്നാംസഥാനത്തെത്തിയിരിക്കുന്നു.ഇന്ത്യയിലെ ശരാശരി ആത്മഹത്യാ നിരക്കിന്റെ മൂന്നിരട്ടിയാണ് കേരളത്തിൽ.കടബാധ്യതയാലുംസാമ്പത്തികത്തകർച്ചയാലുംആത്മഹത്യകൾധാരാളംനടക്കുന്നുണ്ടെങ്കിലുംഅടിസ്ഥാന പ്രശ്നങ്ങൾ നാം ശാസ്ത്രീയമായി വിലയിരുത്തേണ്ടതുണ്ട്.നിയമവിരുദ്ധമായ ഇത്തരം ആത്മഹത്യകളുടെ കണക്കുകൾ മാത്രം നാം ഉയർത്തിക്കാണിക്കുമ്പോൾ നിയമവിരുദ്ധമല്ലാത്ത, മാന്യമായ ആത്മഹത്യ ചെയ്യുന്ന ഒരു വലിയസമൂഹം തന്നെ ഇവിടെയുണ്ട്.നിയമവിരുദ്ധ ആത്മഹത്യകളും മാന്യമായ ആത്മഹത്യകളും കൂടി കണക്കിലെടുക്കുമ്പോൾ നമ്മുടെകുടുംബങ്ങളും സമൂഹവുംഎവിടേക്കു നീങ്ങുന്നു എന്ന ഒരു വലിയചോദ്യം നമ്മുടെ മുമ്പിൽ ഉയരുന്നു.നിയമവിരുദ്ധമായ ആത്മഹത്യയ്ക്കുവേണ്ടി അധികമാളുകളും തെരഞ്ഞെടുക്കുന്നത് വീര്യം കൂടിയതും വിലകുറഞ്ഞതുമായ കീടനാശിനികളാണ്. ഏതാനും മിനിറ്റുകൾക്കുള്ളിൽ മരണം സംഭവിച്ചിരിക്കും. മദ്യം,പുകയില, പാൻമസാല തുടങ്ങിയവയിലെ വിഷാംശങ്ങൾ അകാലമരണത്തിനിടയാക്കുവാൻ കൂടുതൽ കാലമെടുക്കും. ഇപ്രകാരം മാരകമായവിഷംപെട്ടന്ന് മരണം സംഭവിക്കാത്ത വിധത്തിൽ സ്വയം ശരീരത്തിനുള്ളിലേക്ക് കടത്തിവിട്ട് മാന്യമായ ആത്മഹത്യ നടത്തുമ്പോൾ തകരുന്ന കുടുംബത്തിന്റെ വേദനകൾ സമൂഹത്തിന്റെ വേദനകളായിമാറുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ലോകജനസംഖ്യയിൽ പതിനഞ്ചുവയസ്സിനു മുകളിലുള്ളവരിൽ മൂന്നിലൊന്നും പുകവലിക്കാരാണ്.വികസിതരാജ്യങ്ങളിൽ പുകവലിക്കാരുടെ എണ്ണം വർഷം തോറും കുറഞ്ഞുവരുമ്പോൾ ഇന്ത്യയിലിതുകൂടുകയാണെന്നാണ് കണക്കുകൾ കാണിക്കുന്നത്.ലോകത്താകെയുള്ള മരണത്തിന്റെപത്തുശതമാനവും അർബുദം മൂലമുള്ള മരണത്തിന്റെ മുപ്പതു ശതമാനവും പുകവലികൊണ്ടുണ്ടാകുന്നതത്രേ. തീർന്നില്ല, ഇവരിൽ പകുതിയും പുകവലിമൂലമുള്ള രോഗങ്ങളാലാണ് മരിക്കുന്നത്. ഇവരിൽ അമ്പത് ശതമാനം പേർ മധ്യവയസ്സിൽ മരിക്കുന്നു. അമിതമായി പുകവലിക്കുന്നതിലൂടെമാത്രം ഒരാളുടെ ആയുസ് പത്തുമുതൽ ഇരുപതുവർഷം വരെ കുറയാമത്രേ.പുകവലിതുടങ്ങിയ പ്രായം, ദിവസേന വലിക്കുന്ന സിഗററ്റുകളുടെയോബീഡിയുടേയോ എണ്ണം,വലിയുടെ ദൈർഘ്യം, എന്നിവയനുസരിച്ച് രോഗങ്ങളുണ്ടാവാനുള്ള സാധ്യതയും വ്യത്യസ്തമാകുന്നു.

www.careerindia.com

CAREERINDIA

<u>ചോദ്യങ്ങൾ</u>

a) മാന്യമായ ആത്മഹത്യ എന്നു വിശേഷിപ്പിച്ചത് ഇനിപ്പറയുന്നവയിൽ ഏതിനെയാണ്?

(ആത്മഹത്യാക്കുറിപ്പുള്ളത്, മദ്യം,പുകവലി ഇവയാലുള്ളത്, കീടനാശിനി കഴിച്ചുള്ളത്,വേദനയില്ലാത്തത്)

b) നിയമവിരുദ്ധമായആത്മഹത്യയായി പറയുന്നത് ഇവയിൽ എന്തുപയോഗി ച്ചാൽ സംഭവിക്കുന്നവയാണ്?

(കീടനാശിനി കഴിച്ചാൽ, പാൻമസാല കഴിച്ചാൽ,പുകവലിച്ചാൽ, മദ്യപിച്ചാൽ)

c) ഇന്ത്യയിലെ ശരാശരി ആത്മഹത്യാനിരക്ക് കേരളത്തിലേതിന്റെ................

( മൂന്നിലൊന്നു മാത്രം, മൂന്നിരട്ടിയാണ്, പകുതിമാത്രം, ഇരട്ടിയോളം)

d) നാം ഉയർത്തിക്കാണിക്കുന്ന കണക്കുകൾ എത്തരം ആത്മഹത്യകളുടെതാണ്?

( നിയമവിരുദ്ധം, നിയമവിധേയം, മാന്യമായ, അകാലമരണം)

e) ലോകത്താകെയുള്ള മരണത്തിന്റെ പത്തുശതമാനം എന്ത് മൂലമാണെന്നാണ് ഇവിടെ പരമർശിക്കുന്നത്?

(അർബുദം മൂലം, പുകവലിമൂലം, ആത്മഹത്യ മൂലം, ലഹരികൾ മൂലം)

f) ആത്മഹത്യയുടെ അടിസ്ഥാനപ്രശ്നങ്ങളായി ഇവിടെ പരാമർശിക്കുന്നവ യിൽപ്പെടാത്തത് ഇതിലേതാണ്?

(കടബാധ്യത,പ്രണയനൈരാശ്യം,സാമ്പത്തികത്തകർച്ച,ലഹരി ഉപയോഗം)

g) ബോധവൽക്കരണംമൂലംനിലവിൽചെറുപ്പക്കാരിൽകുറഞ്ഞിട്ടുള്ളത്എന്തിന്റെഉപയോഗമാണ്?

(പാൻമസാല, മയക്കുമരുന്നുകൾ, മദ്യം, പുകയില)

2.a.ഏതെങ്കിലും നാലെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക.(4x1=4)

(i).ഉപമാനം ഭാവനാസൃഷ്ടമായിരിക്കുന്ന അലങ്കാരം ഏത്?

(ഉപമ,ഉൽപ്രേക്ഷ, രൂപകം, ദീപകം)

(ii). വർണ്ണ്യവസ്തുവിന് അലങ്കാരശാസ്ത്രത്തിൽ പറയുന്ന പേരെന്ത്?

(ഉപമാനം, ഉപമേയം, സാധാരണധർമ്മം, ഉപമാവാചകം)

(iii).ഒരു ധർമ്മിയെ മറ്റൊരു ധർമ്മിയായി ഉൽപ്രേക്ഷിച്ചാൽ അത് ഉൽപ്രേക്ഷയുടെ ഏത് വിഭാഗത്തിൽ പെടും?.

(ധർമ്മോൽപ്രേക്ഷ, ധർമ്മ്യുൽപ്രേക്ഷ, ഫലോൽപ്രേക്ഷ, ഹേതുൽപ്രേക്ഷ)

(iv). വസ്തുൽപ്രേക്ഷ എന്നറിയപ്പെടുന്ന ഉൽപ്രേക്ഷാവിഭാഗം ഏത്?

(ഫലോൽപ്രേക്ഷ, ധർമ്മോൽപ്രേക്ഷ, ഹേതുൽപ്രേക്ഷ, ധർമ്മ്യുൽപ്രേക്ഷ)

(v).ഫലമല്ലാത്തതിനെ ഫലമായിക്കൽപ്പിക്കുന്ന അലങ്കാരമാണ്............

(രശനോപമ, ഫലോൽപ്രേക്ഷ, രൂപകം, ഹേതുൽപ്രേക്ഷ)

b. ഏതെങ്കിലും അഞ്ചെണ്ണത്തിന് ശരിയുത്തരങ്ങൾ എടുത്തെഴുതുക.(5x1=5)



www.careerindia.com

(i). കാവ്യഭാഷയുടെ കരുത്തിനും കാന്തിക്കും നിദർശനമാണ് ശകുന്തളോപാഖ്യാനത്തിലെ വരികൾ എന്ന് നിരീക്ഷിച്ചതാരാണ്?

( എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ഒ.എൻ.വി. കുറുപ്പ്, കടമ്മനിട്ട)

(ii).ശകുന്തള 'കൗശികപുത്രി' എന്നു വിശേഷിപ്പിക്കപ്പെടുമ്പോൾ കൗശികൻ എന്നത് ലക്ഷ്യമാക്കുന്നത് ആരെയാണ്?

(വിശ്വാമിത്രൻ, ദുർവ്വാസാവ്, കണ്വൻ, ദേവേന്ദ്രൻ)

(iii).`കിരാതവൃത്തം' എന്ന കവിതയ്ക്ക് അടിത്തറപാകിയ കലാരൂപമേത്?

(കഥകളി,തെയ്യം, പടയണി, കൂത്ത്).

(iv). കഥകളിയുടെ സാഹിത്യരൂപമേത്?

(കഥകളിപ്പദം, ആട്ടക്കഥ, അഷ്ടപദി, ശ്ളോകം)

(v).“കുറവല്ലാതെ നമുക്കൊരുവസ്തു
പറവാനില്ല ജനിച്ചേപ്പിന്നെ.”-ഈ വരികളിൽ തെളിയുന്ന ഹാസ്യരൂപമേത്?

(ആക്ഷേപഹാസ്യം,വിറ്റ്, ഐറണി,കാരിക്കേച്ചർ)

(vi) നളചരിതം ആട്ടക്കഥയിലെ സാകേതപതി ആരാണ്?

(നളൻ, ബാഹുകൻ, ഋതുപർണ്ണൻ, കലി)

c.ഏതെങ്കിലും അഞ്ചെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക.(**5**x**1**=5)

(i).ശമപ്രധാനമായൊരു ജീവിതം നയിക്കുന്ന ഒരാളുടെ നിസ്സംഗമായ ശബ്ദം എന്ന് വിശേഷിപ്പിക്കപ്പെടുന്നത് ആരുടെ കഥകളെയാണ്?

(കടമ്മനിട്ട, പത്മരാജൻ, ഗ്രേസി,വി.കെ ആദർശ്)

(ii).“ഞങ്ങൾക്ക് രാത്രിയും പകലും എന്ന ഭേദമില്ല”- ഇങ്ങനെ പറഞ്ഞതാര്?

(കടക്കാരൻ,ദിവാകരൻ, യുവാവ്, കുട്ടി.)

(iii). യുവതിയുടെ കണ്ണുകളിലെ ഏതുഭാവമാണ് ആൺഗൗളിയെ അസ്വസ്ഥനാക്കിയത്?

(സ്നേഹം,ശൂന്യത, വേദന, ദേഷ്യം)

(iv)സാമൂഹികസമ്പർക്ക മാധ്യമങ്ങളുടെ ഇന്നത്തെ വിളിപ്പേരെന്ത്?

(ഫോർത്ത് എസ്റ്റേറ്റ്, ബ്ളോഗ്, ഫിഫ്ത് എസ്റ്റേറ്റ്, യൂണികോഡ്

(v) ആരാണ് കിശോരലാൽ? (കച്ചവടക്കാരൻ, വക്കീൽ, പൊൻകുന്നം വർക്കിയുടെ കഥാപാത്രം,പത്മരാജന്റെ കഥാപാത്രം.)

(vi). ഇന്റർനെറ്റിന്റെ ഭാവിവികാസം ഏതുവിധത്തിലായിരിക്കും?

(ഇംഗ്ളീഷിലൂടെ,പ്രാദേശികഭാഷകളിലൂടെ,യൂണികോഡിലൂടെ, ഫോണിലൂടെ.)

3.തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കു വീതം). . (**5**x**2**=**10**)

a. കാന്തനല്ലുംപകലും കഴിവില്ലാതെ വലയുന്നു

(i). കാന്തനാര്?(ഉഗ്രസേനൻ,ഉഗ്രശാസനൻ,ഉഗ്രതപസ്സ്,സുതപസ്സ്)

(ii). വലയാൻ കാരണമെന്ത്?

(വാർദ്ധക്യം മൂലം,രോഗം മൂലം,ക്ഷിപ്രകോപത്താൽ, ദു:ശ്ശീലത്താൽ)

b. “ആകാശത്തച്ഛൻ ചത്തുകിടപ്പതുകണ്ടുനടുങ്ങി”

(i). ആരാണ് നടുങ്ങിയത്?(കരിമ്പുലി, അമ്മ, കാട്ടാളൻ, കാടത്തികൾ)

www.careerindia.com

(ii). ഇവിടെ സൂചിപ്പിച്ചിരിക്കുന്ന അച്ഛനാര്?

(കാട്, കാട്ടാളൻ, മാനം, സൂര്യൻ)

c.“മത്തേഭം പാംസുസ്നാനംകൊണ്ടല്ലോ സന്തോഷിപ്പൂ
നിത്യവും സ്വച്ഛജലം തന്നിലേ കുളിച്ചാലും”-

(i).ഈ വരികളിൽ മത്തേഭം എന്നു വിശേഷിപ്പിച്ചിട്ടുള്ളത് ആരെയാണ്?

(ദുഷ്യന്തനെ, കണ്വനെ, ആനയെ,ദുർജ്ജനങ്ങളെ)

(ii).ഇങ്ങനെ പറയുന്നതാര്?

(ദുഷ്യന്തൻ, ശകുന്തള, ദുർവ്വാസാവ്, ഭരതൻ)

d. (i) മലയാളത്തിന്റെ ശാകുന്തളം എന്നറിയപ്പെടുന്ന കൃതിയേത്?

(കിരാതവൃത്തം, നളചരിതം ആട്ടക്കഥ, മഹാഭാരതം കിളിപ്പാട്ട്,ശീലാവതീചരിതം)

(ii). ഇതിന്റെ കർത്താവാര്?

(എഴുത്തച്ഛൻ,കുഞ്ചൻ നമ്പ്യാർ,കടമ്മനിട്ട രാമകൃഷ്ണൻ, ഉണ്ണായിവാരിയർ).

e. ‘ഇതു കണ്ടെത്താനാണോ ആപാവം രാജകുമാരൻ ഇക്കണ്ടത്യാഗം സഹിച്ചത്?’-

(i). ഇത് പറഞ്ഞതാര്?(ആരതി, പെൺഗൗളി,ആൺഗൗളി,ഡോക്ടർ) (ii). ആരാണ് ആ പാവം രാജകുമാരൻ?

(കിശോരലാൽ, ശ്രീബുദ്ധൻ, സിദ്ധാർത്ഥൻ, വിവേകാനന്ദൻ )

f. (i). ചിത്രങ്ങൾ തിരക്കി നടന്നതാര് ?

(പത്മരാജൻ, കുട്ടികൾ, ദിവാകരൻ, കടക്കാരൻ)

(ii). ആരുടെ ചിത്രങ്ങളാണ് അയാൾ തേടിയത്?

(അച്ഛന്റെയും അമ്മയുടേയും, സഹോദരങ്ങളുടെ, സ്വന്തം ചിത്രം,കുട്ടികളുടെ)

g. (i) സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ മറ്റൊരു പേര്?

(പരമ്പരാഗത മാധ്യമം, നവമാധ്യമം, ഡിജിറ്റൽ വ്യൂഹം, വെബ് സൈറ്റ്)

(ii) ഇവയ്ക്കു ചേരുന്ന പ്രയോഗം എന്ത്?

(സൈബർ ഇടം, വർത്തമാന പത്രം, ബ്ളോഗ്, ഗൂഗിൾ)

4. തന്നിരിക്കുന്ന ചോദ്യങ്ങളിൽനിന്ന് ഏതെങ്കിലും രണ്ടെണ്ണത്തിന്(2)ശരിയുത്തരങ്ങൾതെരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കു വീതം). . (**2x5**=10)

a. “ധാർഷ്ട്യമെത്രയും പാരമുണ്ടു നാരികൾക്കെന്നു-
കേട്ടുകേളിയേയുള്ളൂ കണ്ടിട്ടില്ലേവം മുന്നം
കുലടയായ നീ വന്നെന്നോടു കുലീനയെ-
ന്നലസാലാപം ചെയ്കഖിലമലമലം”

(i). ഇവിടെ സൂചിപ്പിച്ചിരിക്കുന്ന നാരിയാര് ?

(മേനക, രംഭ, ശകുന്തള, ഉർവ്വശി.)

(ii).ആരുടേതാണീ വാക്കുകൾ?(ശകുന്തള, ദുഷ്യന്തൻ, ഭരതൻ, കണ്വൻ)

(iii).ഇതുപറഞ്ഞ സന്ദർഭം ഏത്?

(കൊട്ടാരത്തിലെത്തിയപ്പോൾ, ആശ്രമത്തിൽ വെച്ച് കണ്ടപ്പോൾ, വിവാഹ വേളയിൽ, ശാപം കിട്ടിയപ്പോൾ)

(iv).കുലട എന്നു വിളിക്കാൻ കാരണമെന്ത്?

(അഹങ്കാരിയായതിനാൽ, വിളിക്കാതെ വന്നതിനാൽ, മാതാപിതാക്കളാൽ പരിത്യക്തയായതിനാൽ, കോകിലനാരിയായതിനാൽ.

(v). ഈ വരികളിൽ തെളിയുന്ന ഭാവം എന്ത്?

www.careerindia.com

CAREERINDIA

(ആശ്ചര്യം, ആക്ഷേപം, സങ്കടം, കരുണ)

b.“ഇതാ ഈ പടമാണ് ഞങ്ങൾ തിരഞ്ഞുകൊണ്ടിരുന്നത്”.
ഏങ്ങലടികൾക്കിടയിൽ അവർ പറഞ്ഞു.

(i). ആരാണ് പറഞ്ഞത്? (ദിവാകരൻ, കടക്കാരൻ,കുട്ടികൾ, പത്മരാജൻ)

(ii). ഏതുപടമാണ് അവർ തെരഞ്ഞെടുത്തത്?
(ദിവാകരന്റെ, കടക്കാരന്റെ, അച്ഛന്റെ, കുട്ടികളുടെ)

(iii) ഈ വാക്കുകളിൽ പ്രകടമാകുന്ന അവസ്ഥയേത്?
(സംഘർഷാവസ്ഥ, ഉൽപ്പന്നം തേടി ഉൽപ്പന്നമാവുന്ന അവസ്ഥ, മടുപ്പിക്കുന്ന വിപണി, പരസ്യങ്ങളുടെ അതിപ്രസരം)

(iv) ഏതു കൃതിയിൽ നിന്നെടുത്തതാണ് ഈ ഭാഗം?
(കടമ്മനട്ടക്കവിതകൾ, പത്മരാജന്റെ കഥകൾ, ഗ്രേസിയുടെ കഥകൾ,മാർക്വസിന്റെ കഥകൾ)

(v). ഈ രചനയിൽ ഉപയോഗിച്ചിരിക്കുന്ന രചനാസങ്കേതം ഏത്?
( റിയലിസം, ഫാന്റസി, സർറിയലിസം, റൊമാന്റിസിസം)

c.“സ്വൈരമായി ചാവാൻകൂടി സമ്മതിക്കില്ല ഈ വർഗം”

(i) പാഠഭാഗമേത്?
(അവകാശങ്ങളുടെ പ്രശ്നം, കിരാതവൃത്തം, ഗൗളിജന്മം,കേശിനീമൊഴി)

(ii). ആരാണ് ഇങ്ങനെ പറയുന്നത്?
(ദിവാകരൻ, കാട്ടാളൻ, ആൺഗൗളി, പെൺഗൗളി)

(iii). ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?(കച്ചവടക്കാരേക്കുറിച്ച്, കാടു നശിപ്പിച്ചവരെക്കുറിച്ച്, സന്ദർശകയെക്കുറിച്ച്, ഡോക്ടർമാരെക്കുറിച്ച്)

(iv). ആരോടാണ് പറയുന്നത്? (കടക്കാരനോട്, പെൺഗൗളിയോട്, ആൺഗൗളിയോട്, ആധുനിക മനുഷ്യനോട്)

(v). ആരാണിവിടെ മരിയ്ക്കാൻ കിടക്കുന്നത്?
(കാട്, ദിവാകരൻ, യുവാവ്, യുവതി)

## ബി വിഭാഗം / SECTION B

5.ചുവടെ തന്നിരിക്കുന്നചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 2X2=4

a. ഉൽപ്രേക്ഷാലങ്കാരം ലക്ഷ്യവും ലക്ഷണവുമെഴുതി ഉദാഹരണസഹിതം വിശദീകരിക്കുക.

b.
മേയുന്നപുല്ലും മറിമാൻ മറന്നു
ചെയ്യുന്ന നൃത്തം മയിലും നിറുത്തി
പായുന്ന കണ്ണീർക്കണമെന്നപോലെ
പെയ്യുന്നിതേ വെള്ളില വള്ളിതോറും.

ഈ വരികളിലെ അലങ്കാരമേത്? എന്തുകൊണ്ട്?

**6.**തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

3X2=6

a. ‘വിളിച്ചുഭൈമീം വിജനേപറഞ്ഞാൾ’- എന്തെല്ലാമാണ് പറഞ്ഞത്?

b.സ്ത്രീജീവിതത്തിന്റെ വേദനകളോട് അനുതാപപൂർണ്ണമായ മനോഭാവം പുലർത്തിയിരുന്ന കവിയാണ് നമ്പ്യാർ- വിശദീകരിക്കുക.

www.careerindia.com

CAREERINDIA

c.പരമ്പരാഗത മാധ്യമങ്ങളിൽ നിന്ന് സാമൂഹികമാധ്യമങ്ങൾ ഏതെല്ലാം നിലകളിൽ വ്യത്യസ്തമായിരിക്കുന്നു?

d. 'പ്രകാശത്തിന്റെ കബളിപ്പിക്കലിനെ അതിജീവിച്ചും ആവശ്യമുള്ള ചിത്രങ്ങൾ തന്നെ കൈക്കലാക്കുമെന്ന് അയാൾ പ്രതിജ്ഞയെടുത്തു'- പ്രകാശത്തിന്റെ കബളിപ്പിക്കലായി കഥാകൃത്ത് പറയുന്നതെന്ത്?

7.തന്നിരിക്കുന്ന ചോദ്യങ്ങളിൽനിന്ന് ഏതെങ്കിലും അഞ്ചെണ്ണത്തിന്ഉത്തരമെഴുതുക. 5X3=15

a. കിരാതവൃത്തം എന്ന കവിതയിലെ കാട്ടാളനെന്ന സങ്കൽപം ഉയർത്തുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ എന്തെല്ലാം?

b. ഭേദവും നമ്മിലെത്രപാരമുണ്ടോർക്കുന്നേരം
ചേതസി വിചാരിക്ക ഭൂപതി തിലകമേ-
എപ്രകാരമാണ് ഭേദം കൽപ്പിക്കുന്നത്?

c. ഉണ്ണായിവാരിയരുടെ കാവ്യഭാഷയുടെ സവിശേഷകൾ പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

d."നീയിപ്പോൾ ചിലച്ചതെന്തിന്? മനുഷ്യൻ എത്ര പുരോഗമിച്ചാലും അവ ർക്ക് ഗൗളിയുടെ ചിലയ്ക്കലിൽ വലിയ വിശ്വാസമാണെന്ന് നിനക്കറിഞ്ഞു കൂടേ?'- കഥയിലെ ഈ പരാമർശത്തിൽ തെളിയുന്ന പൊരുളെന്ത്?

e. ഒന്നാംതരം ജനാധിപത്യവേദികൾ കൂടിയാണ് സാമൂഹിക സമ്പർക്കമാധ്യമങ്ങൾ എന്നു പറയാൻ കാരണമെന്ത്?

f."കണ്ടാൽപ്പോലും അവയെ ഞാൻ തിരിച്ചറിയാൻ പോകുന്നില്ല.' – ദിവാകരനെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ച ചേതോവികാരം എന്തായിരിക്കാം?

**8**.a.താഴെക്കൊടുത്തിരിക്കുന്നചോദ്യങ്ങളിൽഏതെങ്കിലും ഒരെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക1X5=5

(i). എം.ടി. എന്ന എഴുത്തുകാരന്റെ ജീവിതത്തെ രൂപപ്പെടുത്തുന്നതിനു സഹായിച്ച കാലത്തെയും മനുഷ്യബന്ധങ്ങളെയും കുറിച്ച് "അമ്മയ്ക്ക്" എന്ന കൃതിയിൽ വിവരിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

(ii). 'ഗൃഹാതുരത്വത്തിന്റെ നീറുന്ന തീക്കനലുകളാണ് 'അമ്മയ്ക്ക്' എന്നകൃതിയെ ഹൃദയസ്പർശിയാക്കുന്നത്- വിവരിക്കുക

**b.** ഒരു വിഷയത്തെക്കുറിച്ച് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.

(i).ആരോഗ്യകേരളം നേരിടുന്ന വെല്ലുവിളികൾ.1X5=5

(ii).മാറ്റിമറിക്കപ്പെടുന്ന വിദ്യാഭ്യാസരീതികൾ.

**c.**തന്നിരിക്കുന്ന വിഷയത്തെക്കുറിച്ച് ഒരു കത്ത് തയ്യാറാക്കുക.

1X5=5സംസ്ഥാനത്തെ ആശുപത്രികളിൽ ജീവൻ രക്ഷാമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ആരോഗ്യവകുപ്പു മന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക.

=========

www.careerindia.com